# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6585. 1.11. 2011-ൽ മറുപടിയ്ക്ക്**

## ഡ്രഗ്സ് കൺട്രോൾ വിഭാഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി.<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക്.<br>ശ്രീ. എം. ഉമ്മർ. | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ടെസ്റ്റിംഗ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതിനായി സ്ഥാപിച്ചിട്ടുള്ള ലബോറട്ടറികളെ സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കാമോ; | (എ) | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ നിലവിൽ തിരുവനന്തപുരം ആസ്ഥാനമായി ഒരു സർക്കാർ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി പ്രവർത്തിച്ചു വരുന്നു. എറണാകുളത്ത് പുതിയ ഒരു റീജിയണൽ ലാബോറട്ടറിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ലാബുകൾക്ക് പ്രതി വർഷം എത്ര സാമ്പിളുകൾ പരിശോധിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ പ്രതിവർഷം 4000 ത്തോളം സാമ്പിളുകൾ പരിശോധിച്ച് വരുന്നുണ്ട്. എറണാകുളത്ത് ഒരു റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നതോടെ പ്രതിവർഷം 8000 സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്. |
| (സി) | വ്യാജ മരുന്നുകൾ, ഗുണനിലവാരമില്ലാത്തവ, കെമിക്കൽ കണ്ടന്റ് നിശ്ചിത നിലവാരത്തിലും കുറഞ്ഞവ എന്നിവ സംബന്ധിച്ച് കഴിഞ്ഞ വർഷം പരിശോധിച്ച സാമ്പിളുകളുടെ സ്ഥിതി വിവരം ഏതു വിധത്തിലായിരുന്നു എന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ വർഷം പരിശോധിച്ച മരുന്നുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.<br>1. ആകെ പരിശോധിച്ചത്<br>അലോപ്പതി (3300) ആയുർവേദം (339)<br>ആകെ - 3639<br>2. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചത്<br>അലോപ്പതി (236) , ആയുർവേദം (4)<br>ആകെ 240 |
| (ഡി) | ഇതു സംബന്ധിച്ച് സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിശദ വിവരം നൽകാമോ; | (ഡി) | കഴിഞ്ഞ ഒരു വർഷം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിന് 26 നിർമ്മാതാക്കൾക്കെതിരെ കേസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | ആയുർവേദ, ഹോമിയോ മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോളർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | ആയുർവേദ മരുന്നുകൾ പരിശോധിക്കുന്നതിനുവേണ്ടി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ഒരു ആയുർവേദ വിഭാഗം സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ പ്രതിവർഷം ഏകദേശം 340-ഓളം സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. ഹോമിയോ മരുന്നുകൾ പരിശോധിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് സജ്ജീകരണങ്ങളില്ല. ഇപ്പോൾ ഗാസിയാബാദിലുള്ള ഇൻഡ്യൻ ഹോമിയോപ്പതിക് ഫാർമകോപ്പിയൽ ലാബിൽ മാത്രമാണ് ഈ സംവിധാനം ഉള്ളത്. |

സെക്ഷൻ ഓഫീസർ